**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5979** **25-03-2025 - ൽ മറുപടിയ്ക്ക്**

**പ്രോജക്റ്റ് ക്രഷ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണസംഘങ്ങളിലെ പണം ഉപയോഗിച്ച് ഉല്പാദനമേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് **"ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം".** നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് വിസ്തൃതമായ തരിശുഭൂമി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ,ഇത്തരത്തിലുള്ള ഭൂമി എവിടെയൊക്കെ ഉണ്ടെന്ന് മനസ്സിലാക്കി ഭൂവുടമസ്ഥരുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ മുഖേന ഭൂമി ഏറ്റെടുത്ത് ടി പദ്ധതി നടപ്പിലാക്കാവുന്നതും കൂടാതെ സംഘങ്ങൾ ഭൂമി ഏറ്റെടുത്ത് ഫലവൃക്ഷ തോട്ടങ്ങൾ നിർമ്മിച്ച് നിശ്ചിത കാലാവധിക്കു ശേഷം തിരികെ നൽകുന്ന "Plant, Maintain, Transfer (PMT)" എന്ന മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾവഴി വിപണനം നടത്തുന്നതിനും സഹകരണ സംഘങ്ങളെ സഹായിക്കുന്ന പദ്ധതിയാണ് **"ഫെനി ഉൽപ്പാദനത്തിന് സഹായം"**. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രാദേശികതലത്തിൽ സഹകരണസംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിജയസാധ്യത പരിശോധിക്കാൻ സഹകരണവകുപ്പ് 'പ്രോജക്റ്റ് ക്രഷ് എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രാദേശികതലത്തിൽ സഹകരണ സംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിജയസാധ്യത പരിശോധിക്കാൻ സഹകരണവകുപ്പ് 'പ്രോജക്റ്റ് ക്രെഷ്' (Project Creche) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രോജക്റ്റ് ക്രെഷ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ, സഹകരണ സംഘങ്ങളുടെ കഴിവിനും സാധ്യതകൾക്കും അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സഹകരണ വകുപ്പിൽ സമർപ്പിക്കാൻ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് സാധിക്കും.സർക്കാരിന്റെ നയസമീപനങ്ങൾക്കും സഹകരണ വകുപ്പിന്റെ കാഴ്ചപ്പാടുകൾക്കും അനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കുക വഴി അനാവശ്യ പദ്ധതികളുടെ രൂപീകരണം തുടക്കത്തിലേ തടയുന്നതിന് പ്രോജക്റ്റ് ക്രെഷിലൂടെ സാധിക്കും.സഹകരണ പ്രോജക്റ്റ് ക്രെഷിലൂടെ Economic Viability, Financial Feasibility എന്നിവ കൃത്യമായി പരിശോധിക്കുന്നതിനും പദ്ധതികൾ അനുവദിക്കുന്നതിന് മുൻപ് തന്നെ പദ്ധതികളുടെ ഭാവി വിലയിരുത്തുന്നതിനും മികച്ച പദ്ധതികൾക്ക് മാത്രം അംഗീകാരം നൽകുന്നതിനും സാധിക്കും. ഇതുവഴി സഹകരണ പ്രസ്ഥാനങ്ങളുടെ മെച്ചപ്പെട്ട പ്രകടനത്തിന് പ്രോജക്റ്റ് ക്രെഷിന് വലിയ രീതിയിൽ സംഭാവന ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ